ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) വികസിത ഭാരതം യാഥാർത്ഥ്യമാക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾക്ക് വലിയ പങ്കുവഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has said that the youth of the country can play a major role in realizing the vision of a developed India.**

2) യുദ്ധങ്ങളുടെ മാറുന്ന സ്വഭാവത്തിനനുസരിച്ച് ഇന്ത്യയുടെ പ്രതിരോധ സംഭരണ സംവിധാനം അതിവേഗം മാറേണ്ടതുണ്ടെന്ന് സംയുക്ത സൈനിക മേധാവി ജനറൽ എൻ.എസ്. രാജ സുബ്രമണി.

**Chief of Defence Staff General N.S. Raja Subramani has said that India's defence procurement system needs to transform rapidly in line with the changing nature of warfare.**

3) NEET PG പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സ്കോർ കാർഡ് ഒക്ടോബർ 1 മുതൽ ഡൗൺലോഡ് ചെയ്യാം.

**The NEET-PG examination results have been announced. Scorecards can be downloaded from October 1.**

4) കാലവർഷക്കെടുതിയിൽ നാശനഷ്ടങ്ങൾ നേരിട്ട ആലപ്പുഴ ജില്ലയിലെ കുടുംബങ്ങൾക്കായി സംസ്ഥാന സർക്കാർ 80 കോടി രൂപ ധനസഹായം അനുവദിച്ചു.

**The State Government has sanctioned financial assistance of 80 crore rupees for families in Alappuzha district who suffered losses in the monsoon-related calamities.**

5) വടക്കൻ കേരളത്തിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy to very heavy rainfall is likely in northern Kerala today. Orange alert has been issued for Kannur and Kasaragod districts. Fishing has been banned along the Kerala, Karnataka and Lakshadweep coasts.**

6) ഏഷ്യൻ ഗെയിംസ് 4 ബൈ 400 മിക്സ്ഡ് റിലേയിൽ വെള്ളി മെഡൽ സ്വന്തമാക്കി ഇന്ത്യ.

**India has won the silver medal in the 4x400 mixed relay at the Asian Games.**

❁❁❁❁❁❁❁❁❁❁❁❁❁

## PM SEVA YATRA (INTRO)

2047-ഓടെ 'വികസിത ഭാരതം' യാഥാർത്ഥ്യമാക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾക്ക് വലിയ പങ്കുവഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സേവനം എന്നത് ജീവിതത്തിൻറെയും, രാഷ്ട്രീയത്തിൻറെയും ലക്ഷ്യമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. ഗുജറാത്തിലെ വഡ്നഗറിൽ നിന്ന്

വാരാണസിയിലേക്ക് സഞ്ചരിക്കുന്ന 'സേവാ യാത്രികരുമായി' ഓൺലൈനിൽ സംവദിക്കുകയായിരുന്നു പ്രധാനമന്ത്രി

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

**VICE –PRESIDENT–AMIT SHAH**

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. കൊല്ലം അമൃതപുരിയിൽ നടക്കുന്ന മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. തിരുവനന്തപുരത്ത് എസ്.യു.റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി ശനിയാഴ്ച കേരളത്തിലെത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**CDS – DEFENCE SUMMIT**

യുദ്ധങ്ങളുടെ മാറുന്ന സ്വഭാവത്തിനനുസരിച്ച് ഇന്ത്യയുടെ പ്രതിരോധ സംഭരണ സംവിധാനം അതിവേഗം മാറേണ്ടതുണ്ടെന്ന് സംയുക്ത സൈനിക മേധാവി ജനറൽ എൻ.എസ്. രാജ സുബ്രമണി. പ്രതിരോധ മേഖലയെ കൂടുതൽ ശാക്തീകരിക്കുന്നതിൽ സാങ്കേതികവിദ്യ, ഡാറ്റ,

വ്യവസായ മേഖല എന്നിവയുടെ സംയോജനം പ്രധാനമാണെന്നും ന്യൂഡൽഹിയിൽ നടന്ന വാർത്താ ഉച്ചകോടിയിൽ അദ്ദേഹം പറഞ്ഞു. മിഷൻ പ്ലാനിങ്, ഇൻറലിജൻസ് എന്നിവയിലെ നിർമ്മിത ബുദ്ധിയുടെ സാധ്യതകളെക്കുറിച്ചും അദ്ദേഹം പറഞ്ഞു.

## NEET PG-RESULT

NEET PG -2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2026-27 അധ്യയന വർഷത്തിലെ മെഡിക്കൽ ബിരുദാനന്തര ബിരുദ, പി.ജി ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി ഓഗസ്റ്റ് 30-നാണ് രാജ്യവ്യാപകമായി പരീക്ഷ നടന്നത്. ഒക്ടോബർ 1 മുതൽ ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് സ്കോർ കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പരീക്ഷയുടെ ഉത്തരസൂചികയും ഒക്ടോബർ ഒന്നിന് പ്രസിദ്ധീകരിക്കുമെന്ന് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് ഇൻ മെഡിക്കൽ സയൻസ് അറിയിച്ചു.

## SEVA-SANKALP-SWACHH BHARAT(INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു.

കേന്ദ്രസർക്കാരിൻറെ സുപ്രധാന പദ്ധതികളിലൊന്നായ സ്വച്ഛ് ഭാരത് ദൗത്യത്തെക്കുറിച്ചാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്.

*വിശദാംശങ്ങളിലേക്ക്........*

*(വോയിസ്)*

❋❋❋❋❋❋❋❋❋❋❋❋❋

**SEVA–SANKALP–SWACHH BHARAT(VOICE)**

രാജ്യമെമ്പാടും സമ്പൂർണ ശുചിത്വം ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ 2014 ഒക്ടോബർ രണ്ടിനാണ് സ്വച്ഛ് ഭാരത് ദൗത്യത്തിന് തുടക്കം കുറിച്ചത്. ശുചീകരണ ദൗത്യങ്ങൾ, ശൗചാലയ ലഭ്യത ഉറപ്പുവരുത്തൽ, മാലിന്യ സംസ്കരണം തുടങ്ങി വിപുലമായ പരിപാടികളാണ് ഇതിൻറെ ഭാഗമായി ഗ്രാമനഗര ഭേദമന്യേ നടപ്പാക്കുന്നത്. രാജ്യത്തെ 5.25 ലക്ഷത്തിലധികം ഗ്രാമങ്ങളെ വെളിയിട വിസർജ്ജന വിമുക്തമാക്കാൻ സ്വച്ഛ് ഭാരത് ദൗത്യത്തിലൂടെ സാധിച്ചു. അഞ്ചര ലക്ഷത്തിനടുത്ത് ഗ്രാമങ്ങളിൽ ഖര, ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ നഗര മേഖലയിൽ പൊതു ശൗചാലയങ്ങളുടെ ലഭ്യത വലിയതോതിൽ വർദ്ധിപ്പിക്കാനും സ്വച്ഛ് ഭാരത് ദൗത്യത്തിലൂടെ സാധിച്ചു.

*ന്യൂസ് ഡസ്ക്, ആകാശവാണി.........*

❋❋❋❋❋❋❋❋❋❋❋❋❋

## PRALHAD JOSHI-SEVA CHALLENGE

സേവാ ഫസ്റ്റ് ഇന്നൊവേഷൻ ചലഞ്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രഹ്ലാദ് ജോഷി നാളെ ബംഗളൂരുവിൽ ഉദ്ഘാടനം ചെയ്യും. യുവാക്കൾക്ക് സ്വന്തം പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കണ്ടെത്തി , അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കാൻ ഈ സംരംഭം പ്രോത്സാഹനം നൽകുമെന്ന് വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. സ്കൂളുകൾ, ITIകൾ , പോളിടെക്നിക്കുകൾ, കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ പങ്കാളികളെ ഒരുമിച്ച് കൊണ്ടുവരാനാണ് പരിപാടി ലക്ഷ്യമിടുന്നത്. മത്സരത്തിന്റെ ദേശീയ ഫൈനൽ ഡിസംബറിൽ ന്യൂഡൽഹിയിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ALAPPUZHA-FINANCIAL ASSISTANCE

കാലവർഷക്കെടുതിയിൽ വീടുകളിലും പരിസരങ്ങളിലും പ്രളയജലം കയറി നാശനഷ്ടങ്ങൾ നേരിട്ട ആലപ്പുഴ ജില്ലയിലെ കുടുംബങ്ങൾക്ക് ആശ്വാസമായി സംസ്ഥാന സർക്കാർ 80.07 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സംസ്ഥാന ദുരന്ത പ്രതികരണ നിധി എന്നിവയിൽ നിന്നാണ് ഈ തുക ലഭ്യമാക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA-K JAYAKUMAR (INTRO)

ശബരിമലയിൽ അരവണ ഉത്പാദനം വർധിപ്പിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ. ഒരു ലക്ഷം ടിൻ അരവണ അധികമായി ഉത്പാദിപ്പിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ശബരിമലയിലെ നിർമ്മാണ പ്രവൃത്തികൾ അടുത്ത മാസം 31 ഓടെ പൂർത്തിയാക്കുമെന്നും അദ്ദേഹം അറിയിച്ചു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ASIAN GAMES

ഏഷ്യൻ ഗെയിംസ് 4 ബൈ 400 മിക്സ്ഡ് റിലേയിൽ വെള്ളി മെഡൽ സ്വന്തമാക്കി ഇന്ത്യ. പൂവമ്മ രാജു, വിശാൽ തെന്നരശ്, വിദ്യ രാംരാജ്, മനു ടിഎസ് എന്നിവരാണ് ഇന്ത്യക്കായി വെള്ളി നേടിയത്. അത്ലറ്റിക്സ് വനിതകളുടെ 10,000 മീറ്ററിൽ ഇന്ത്യയുടെ സീമാ കുമാരി വെങ്കലം നേടി. വനിതകളുടെ 60 കിലോഗ്രാം വുഷുവിൽ റോഷിബിന ദേവി വെള്ളി മെഡൽ സ്വന്തമാക്കി. ഷൂട്ടിങ്ങ് മിക്സ്ഡ് സ്കീറ്റ് ടീം ഇനത്തിൽ അനന്ത് ജീത് സിങ്ങ്-പരിണാസ് ധലിവാൾ സഖ്യം വെങ്കലം നേടി. പുരുഷന്മാരുടെ ഡബിൾ സ്കൾസ് ഇനത്തിലും ഇന്ത്യയ്ക്ക് വെങ്കലം ലഭിച്ചു. മെഡൽ

ജേതാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദനങ്ങൾ നേർന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## RAIN– KERALAM

വടക്കൻ കേരളത്തിൽ ഇന്ന് അതിശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## ODISHA DEPRESSION

ആന്ധ്രാ-ഒഡീഷ തീരത്തെ അതിതീവ്ര ന്യൂനമർദ്ദം ദുർബലമായി തുടങ്ങിയതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ തെക്കൻ ഒഡീഷയിൽ അതിശക്തമായ മഴയാണ് അനുഭവപ്പെടുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## MOBILE PHONE INDIA

രാജ്യത്തെ മൊബൈൽ ഫോൺ ആവശ്യകതയുടെ 99.2 ശതമാനവും ഇന്ത്യ തദ്ദേശീയമായാണ് നിർമിക്കുന്നതെന്ന് കേന്ദ്ര സർക്കാർ. പ്രതിവർഷം 33 കോടി വരെ മൊബൈൽ ഫോണുകൾ രാജ്യത്ത് നിർമിക്കുന്നതായും ഇലക്ട്രോണിക് ആൻഡ് ഐ.റ്റി സെക്രട്ടറി എസ് കൃഷ്ണൻ പറഞ്ഞു.

## BCD – EDIBLE OIL PRICES

ആഭ്യന്തര വിപണിയിലെ ഭക്ഷ്യ എണ്ണ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ഇറക്കുമതി ചെയ്യുന്ന അസംസ്കൃത ഭക്ഷ്യ എണ്ണകളുടെ അടിസ്ഥാന ഇറക്കുമതി ചുങ്കം കുറച്ച് കേന്ദ്ര സർക്കാർ . അന്താരാഷ്ട്ര വിപണിയിൽ ഭക്ഷ്യ എണ്ണ വിലവർദ്ധനവ് കരണമുണ്ടായ വിലക്കയറ്റ ഭീഷണി കുറയ്ക്കാനും ഉപഭോക്താക്കൾക്ക് ആശ്വാസം നൽകാനും ഈ നടപടി സഹായിക്കും. സൺഫ്ലവർ ഓയിൽ, സോയാബീൻ ഓയിൽ, പാം ഓയിൽ എന്നിവയ്ക്ക് കുറവ് ബാധകമാണ്. ഇതിനൊപ്പം, ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണകളുടെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടിയിലും സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ

റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 27-ന്. പരിപാടിയുടെ 138-ാാം പതിപ്പാണിത്. ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## BANK-STRIKE

ഈ മാസം 28 മുതൽ 30 വരെ സംയുക്ത ബാങ്കിങ് ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്തിരിക്കുന്ന രാജ്യവ്യാപക ബാങ്ക് പണിമുടക്കിൻ്റെ പശ്ചാത്തലത്തിൽ ഉപഭോക്താക്കൾ ബാങ്കിംഗ് ഇടപാടുകൾ മുൻകൂട്ടി ആസൂത്രണം ചെയ്യണമെന്നും ഡിജിറ്റൽ, ഇതര ബാങ്കിംഗ് സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി . എല്ലാ പൊതുമേഖലാ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും ഈ മാസം 27 ഞായറാഴ്ച സാധാരണ നിലയിൽ പ്രവർത്തിക്കുമെന്ന് ധനമന്ത്രാലയം അറിയിച്ചു . ദേശീയ പണിമുടക്ക് കണക്കിലെടുത്താണ് നടപടി.

❁❁❁❁❁❁❁❁❁❁❁❁❁

## NADDA - AROGYA MANTHAN

നാളെ ന്യൂഡൽഹിയിൽ നടക്കുന്ന 'ആരോഗ്യ മന്ഥൻ 2026-ൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ.പി. നദ്ദ പങ്കെടുക്കും. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ

ആരോഗ്യ യോജനയുടെ എട്ടാം വാർഷികവും ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ അഞ്ചാം വാർഷികവും ഇതിന്റെ ഭാഗമായി ആഘോഷിക്കും.

## FICCI–POWER

രാജ്യത്ത് പുതിയ ദേശീയ വൈദ്യുതി നയം കൊണ്ടുവരുന്നതിന് നടപടികൾ ആരംഭിച്ചതായി കേന്ദ്ര ഊർജ്ജ സെക്രട്ടറി പങ്കജ് അഗർവാൾ. നയത്തിന്റെ അന്തിമ കരട് കേന്ദ്ര മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.